(സി) 14.12.1998-ലെ ജി.ഒ.(എം.എസ്.) 3106/98/ധന.നംപർ ഉത്തരവ് പ്രകാരമാണ് കമ്മിറ്റി നിലവിൽ വന്നത്. കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ഡി) കമ്മിറ്റി കുറെ ശുപാർശകൾ നൽകിയിട്ടുണ്ട്. സർക്കാർ അതിൻമേൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി തന്നെ തീരുമാനങ്ങളെടുക്കുന്നതാണ്.

7 (1739) സംസ്ഥാനത്തിന്റെ റവന്യൂ കമ്മി

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്രയായിരുന്നു.

(ബി) ഇപ്പോൾ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്രയാണ്.

(സി) റവന്യൂ കമ്മി വർദ്ധിക്കുവാനുള്ള കാരണമെന്തെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 422.03 കോടി രൂപ.

(ബി) 1998 മാർച്ച് വരെയുള്ള കണക്കുകളാണ് അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടുള്ളത്. ഇതിൻ പ്രകാരം കമ്മി 1122.91 കോടി രൂപയാണ്.

(സി) പൊതുവായ ദേശീയ സാമ്പത്തിക മാന്ദ്യം മൂലം റവന്യൂ വരുമാനത്തിലുണ്ടായ കുറവും. ശമ്പള വർദ്ധനവിനു മുന്നോടിയായി ജീവനക്കാർക്കും. പെൻഷൻകാർക്കും നൽകിയ ഇടക്കാലാശ്വാസം തുടങ്ങിയ ചെലവും റവന്യൂ കമ്മി വർദ്ധിക്കുവാനിടയായ കാരണങ്ങളാണ്. കൂടാതെ ത്രിതല പഞ്ചായത്തുകളുടെ ആവിർഭാവത്തോടുകൂടി നേരത്തെ മൂലധന ചെലവിനങ്ങളായി അക്കൗണ്ട് ചെയ്തിരുന്ന ചെലവുകൾ ഇപ്പോൾ റവന്യൂ ചെലവായി അക്കൗണ്ട് ചെയ്യുന്നതും റവന്യൂ കമ്മി വർദ്ധിക്കാൻ ഇടയായി.

8 (1740) പെൻഷൻ വാങ്ങുന്നവരുടെ വിഷമതകൾ

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. കെ. കുട്ടിഅഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്ത് പെൻഷൻ ട്രഷറികളിൽ നിന്നും നേരിട്ട് പെൻഷൻ വാങ്ങുന്നവർക്ക് അനുഭവപ്പെടുന്ന വിഷമതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻ നൽകാൻ നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങളിൽ അതു വാങ്ങാനായി വരുന്ന ആളുകളുടെ എണ്ണത്തിന് അനുസരിച്ച് പെൻഷൻ വിതരണ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly